

TUESDAY 07/04/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/04/2026

1. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഓൺലൈനിൽ അപേക്ഷിക്കാം. കർഷകർ സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ https://pdmc.da.gov.in/KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്.

2. വാണിജ്യ കൃഷിയിലേക്ക് സജീവമായി വരുന്ന കർഷകർ, കാർഷിക കൂട്ടായ്മകൾ, കാർഷിക ഉത്പാദക സംഘടനകൾ, കാർഷിക സംരംഭകർ, പ്രവർത്തന കയറ്റുമതിക്കാർ, കാർഷിക സ്റ്റാർട്ടപ്പുകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവർക്ക് വിവിധ കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കായി ആവശ്യമായ കൃഷിഭൂമി ലഭ്യമാക്കുവാൻ കഴിഞ്ഞാൽ ആയത് നമ്മുടെ കാർഷിക വികസനത്തിന് വളരെ സഹായകരമാകും. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് "നവോ-ധൻ (NAWO-DHAN) പദ്ധതി (New Agriculture Wealth Opportunities-Driving Horticulture and Agri-Business Networking)". കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ സാങ്കേതിക കാര്യങ്ങളുടെ നിർവഹണത്തിനായി കേരള അഗ്രോ ബിസിനസ് കമ്പനി കാബ്കോയെ (KABCO) എസ്.പി.വി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂവുടമകൾ, കർഷക സംരംഭകർ എന്നിവർക്കുള്ള ഓൺലൈൻ ഏകജാലക സംവിധാനവും തുടർ നടപടികളും, ഭൂവുടമകൾ, കർഷകസംരംഭകർ എന്നിവർക്കൊപ്പം കൃഷി സഹകാരി സേവന ഉടമ്പടി - (KRISHI SAHAKARI SLA) -യിലെ പങ്കാളിത്തം, പരിശോധനയും അംഗീകാരവും KABCOയുടെ മേൽനോട്ടത്തിലാണ്. www.kabco.co.in എന്ന കാബ്കോയുടെ വെബ്

സൈറ്റ് മുഖേന നവോ-ധൻ (NAWO-DHAN) പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് .

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് 2026 ഏപ്രിൽ 20 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. ഏപ്രിൽ 30 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ഏപ്രിൽ 20 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. Phone: 0487-2438566

4. **കാർഷിക നിർദേശം**

തെങ്ങ് ചെന്നീരൊലിപ്പ് രോഗം – തെങ്ങിൽ വിളഞ്ഞതും മൂപ്പെത്താറായതുമായ തേങ്ങകൾ ഉണ്ടെങ്കിൽ പറിച്ചെടുത്തതിനു ശേഷം. ചെന്നീരൊലിപ്പ് രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി മുറിവിൽ ഹെക്സകോണോസോൾ മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനി പുരട്ടുക. ഉണങ്ങിയതിനു ശേഷം ചെത്തിയ ഭാഗത്തു റബ്ബർ കോട്ട് പുരട്ടുക. തടത്തിൽ തെങ്ങൊന്നിന് ഇരുപത്തിയഞ്ചു ലിറ്റർ വെള്ളത്തിൽ അമ്പതു മില്ലി ഹെക്സകോണോസോൾ കലർത്തി തടത്തിൽ കുതിർക്കുക. പൂർണമായി ഭേദമാകുന്നത് വരെ മാസാമാസം ഇത് ആവർത്തിക്കുക. തെങ്ങിൻ തടത്തിൽ കട്ടിയിൽ കുമ്മായം വിതറി മണ്ണുമായി ചേർത്തിളക്കുക.